റെയിൽവേ വികസനം

105 (490) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസന കാര്യത്തിൽ ക്രിയാത്മകമായ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റെയിൽവേയുടെ വികസനം മുൻനിർത്തി സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും ഗേജ് മാറ്റവും അങ്കമാലി-ശബരി റെയിൽപ്പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, നിലമ്പൂർ നഞ്ചൻകോട് റെയിൽപ്പാത, സബർബൻ റെയിൽ സർവ്വീസ്, ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ എന്നീ പദ്ധതികളാണ് മുഖ്യമായും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്. സബർബൻ റെയിൽവേ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവെ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU-റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റെയിൽവേ വികസന പ്രവൃത്തികൾ നടപ്പാക്കാൻ ഒഡീഷാ സംസ്ഥാന സർക്കാരും റെയിൽവേയുമായി ചേർന്നുള്ള സംയുക്ത സംരംഭ മാതൃകയിൽ കേരള സംസ്ഥാനവും റെയിൽവേയുമായി ചേർന്ന് സംയുക്ത സംരംഭം

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് റെയിൽവേ വികസന പ്രവൃത്തികൾ നടത്താമെന്ന കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം പരിശോധിക്കുകയും സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് സംസ്ഥാനം തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കായിമാത്രം റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തിൽ JV(ജോയിന്റ് വെഞ്ചർ കമ്പനി) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-01-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായിട്ടുണ്ട്.

സബർബൻ ട്രെയിൻ

106 (491) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബർബൻ ട്രെയിൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്നു തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുകയുണ്ടായി. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ ദൂരത്തേക്ക് ഏകദേശം 3063.97 കോടി രൂപ അടങ്കലിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ DPR-ൽ വ്യക്തമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly